8247
14/8/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - എറണാകുളം ജില്ലാതല ICDS സെൽ പ്രോഗ്രാം ഓഫീസിലെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണിയ്ക്ക് തുക ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു

================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.479/2014/സാനീവ                    തിരുവനന്തപുരം, തീയതി, 04.08.2014.

================================================================

പരാമർശം: സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 01.07.2014 ലെ സി3 - 23388/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള എറണാകുളം ജില്ലാതല ICDS - സെൽ പ്രോഗ്രാം ഓഫീസറുടെ KCF-904 നമ്പർ ഔദ്യോഗിക വാഹനത്തിന്, ചാലക്കുടി PWD മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്പെയർ പാർട്സ് ഇനത്തിൽ 4,081/- രൂപയും വർക്ക്ഷോപ്പ് ചാർജിനത്തിൽ 12,328/- രൂപയും ഉൾപ്പെടെ ആകെ 16,409/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലാതല ICDS - സെൽ പ്രോഗ്രാം ഓഫീസറുടെ KCF-904 നമ്പർ ഔദ്യോഗിക വാഹനത്തിന് സ്പെയർ പാർട്സ് ഇനത്തിൽ 4,081/- രൂപയും വർക്ക്ഷോപ്പ് ചാർജിനത്തിൽ 12,328/- രൂപയും ഉൾപ്പെടെ ആകെ 16,409/- രൂപ ചെലവഴിച്ച് അറ്റകുറ്റപണി നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-98-01-Plan -21 MV(2) R&M എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൽ.എ.ഗ്രിഗോറിയസ്
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയാ വിഭാഗം,(വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ